പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം.

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.*667.

11.7.2014 - ൽ
മറുപടിയ്ക്ക്

അധിക വൈദഗ്ദ്ധ്യ സമ്പാദന പദ്ധതി

ചോദ്യം

ശ്രീ. കെ.അച്ചുതൻ
ശ്രീ.ജോസഫ് വാഴയ്ക്കൻ
ശ്രീ.സണ്ണി ജോസഫ്
ശ്രീ.എം.എ.വാഹീദ്

മറുപടി

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) അധിക വൈദഗ്ദ്ധ്യ സമ്പാദന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് കൂടുതൽ സ്കിൽ പാർക്കുകൾ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(എ) ഉണ്ട്. അധിക വൈദഗ്ദ്ധ്യസമ്പാദന പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിക്കും. വിദ്യാർത്ഥികളും യുവജനങ്ങളുമടങ്ങുന്ന വിഭാഗക്കാർക്ക് അവരുടെ അഭിരുചിക്കിണങ്ങിയ തൊഴിൽ മേഖലകളിൽ വിവിധ വ്യവസായ സംഘടനകൾ/തൊഴിൽ പരിശീലക ദാതാക്കൾ എന്നിവർ മുഖേന നടത്തുന്ന അധിക വൈദഗ്ദ്ധ്യ സമ്പാദന പരിപാടിയുടെ മുഖ്യ പരിശീലന കേന്ദ്രങ്ങളായിട്ടാണ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നത്.

ഹയർസെക്കന്ററി/ബിരുദതലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ തൊഴിൽ നിപുണത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടെ സർക്കാർ ആവിഷ്കരിച്ച അധിക വൈദഗ്ദ്ധ്യ സമ്പാദന പരിപാടി, 2012-13 സാമ്പത്തിക വർഷത്തിലാണ് സംസ്ഥാനത്ത് ആരംഭിച്ചത്. സർക്കാർ കോളേജുകളിലും എം.എൽ.എ.മാർ നിർദ്ദേശിച്ച സർക്കാർ ഹയർസെക്കന്ററി വിദ്യാലയങ്ങളിലുമാണ് പദ്ധതി ആരംഭിച്ചത്. പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, അടിസ്ഥാന ഐ.ടി.സ്കിൽ, ഇഷ്ടമുള്ള ഏതെങ്കിലും ഒരു തൊഴിലിനെ അടിസ്ഥാനമാക്കിയുള്ള പരിശീലനം എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, അടിസ്ഥാന ഐ.ടി.സ്കീം എന്നീ കോഴ്സുകൾ വിദ്യാർത്ഥികളുടെ മാതൃവിദ്യാലയങ്ങളിലും തൊഴിൽമേഖലയിലുള്ള

| | | | |
|---|---|---|---|
| | | | പരിശീലനം തിരഞ്ഞെടുക്കപ്പെട്ട സ്കിൽ ഡെവലപ്മെന്റ് സെന്ററുകളിലുമാണ് ഇപ്പോൾ നടന്നുവരുന്നത്.<br>അധിക വൈദഗ്ദ്ധ്യ പരിപാടിയുടെ രണ്ടാം ഘട്ടമായാണ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് വിഭാവനം ചെയ്തിട്ടുള്ളത്. കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിക്കുന്നതിന് ഏകദേശം 2 ഏക്കർ സ്ഥലം ആവശ്യമാണെന്നാണ് കണക്കാക്കിയിട്ടുള്ളത്. നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ, വിവിധ സെക്ടർ സ്കിൽ കൗൺസിലുകൾ , നാഷണൽ സ്കിൽ ഡെവലപ്മെന്റ് ഏജൻസി തുടങ്ങിയ സർക്കാർ ഏജൻസികളുടെയും സി.ഐ.ഐ, ഫിക്കി തുടങ്ങിയ വ്യവസായ സംഘടനകളുടെയും സഹകരണത്തോടുകൂടിയായിരിക്കും സ്കിൽ പാർക്കുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നത്.<br>കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ വിശദമായ ഡിസൈൻ രൂപപ്പെടുത്തുന്നതിനായി ഇൻഡ്യയിലെ പ്രമുഖ തൊഴിൽ പരിശീലന ദാതാക്കളുടെ ഒരു വർക്ക് ഷോപ്പും ഇതിനകം നടത്തുകയുണ്ടായി. കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ 2017 ഡിസംബറിനകം സ്ഥാപിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (ബി) | ഇതിനുവേണ്ടിയുള്ള ധനസമാഹരണം എങ്ങനെ നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാമാണ് ? | (ബി) | സർക്കാർ വിഹിതവും എം.എൽ.എ.മാരുടെ ആസ്തിവികസനത്തിനുള്ള തുകയും കൂടി സമാഹരിച്ചാണ് സ്കിൽ പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ഏഷ്യൻ വികസന ബാങ്ക് പ്രസ്തുത പദ്ധതിയുമായി സഹകരിക്കാൻ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ